| | | |
|---|---|---|
| 2007-08 | സമ്പാദ്യ സമാശ്വാസ പദ്ധതി | 9,59,550 |
| 2008-09 | മത്സ്യകേരളം പദ്ധതി | 5,74,270 |
| 2008-09 | സുനാമി പുനരധിവാസ പദ്ധതി | 8,12,138 |
| 2008-09 | ദേശീയ മത്സ്യത്തൊഴിലാളി ഭവന നിർമ്മാണ പദ്ധതി | 3,20,000 |
| 2008-09 | സമ്പാദ്യ സമാശ്വാസ പദ്ധതി | 13,23,075 |
| 2009-10 | മത്സ്യകേരളം പദ്ധതി | 15,75,184 |
| 2009-10 | പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസനിധി | 11,11,339 |
| 2009-10 | ഭവനനിർമ്മാണ പദ്ധതി | 6,00,000 |

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേനയുള്ള ക്ഷേമപദ്ധതികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. (അനുബന്ധം I) *

അരൂർ മണ്ഡലത്തിൽ ഈ സർക്കാർ വന്നശേഷം, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നടത്തിയ വികസന പ്രവൃത്തികളുടെ വർഷം തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. (അനുബന്ധം II)*

(ബി) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന അരൂർ നിയോജക മണ്ഡലത്തിൽ നടത്തിയ നിർമ്മാണ പ്രവൃത്തികളുടേയും റോഡ് നിർമ്മാണ പുനരുദ്ധാരണ പ്രവൃത്തികളുടേയും വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. (അനുബന്ധം-III)*

**പൊന്നാനി മരക്കാർ ഫിഷ്‌ലാന്റിംഗ് സെന്റർ**

**170 (6088)** ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ പൊന്നാനി-മരക്കാർ ഫിഷ്‌ലാന്റിംഗ് സെന്ററിന്റെ സാധ്യതാ പഠന റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ലഭിച്ചത്;

(ബി) പ്രസ്തുത സെന്ററിന്റെ പണി എന്ന് ആരംഭിക്കും;

(സി) ഇതിനായി എന്ത് തുക ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി & സി) ബാധകമല്ല.

**ചോമ്പാൽ മത്സ്യബന്ധന തുറമുഖ വികസനം**

**171 (6089)** ശ്രീ. എം. കെ. പ്രേംനാഥ്: താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചോമ്പാൽ മത്സ്യബന്ധന തുറമുഖ വികസനത്തിന് ഈ സർക്കാർ എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയെന്ന് വിശദീകരിക്കുമോ ?

ഉത്തരം

ചോമ്പാൽ മത്സ്യബന്ധന തുറമുഖ വികസനത്തിനായി താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

(എ) സുനാമി പുനരധിവാസപദ്ധതിയിൽ ഉൾപ്പെടുത്തി ചോമ്പാൽ തുറമുഖത്തെ ബേസിനകത്തെയും അപ്രോച്ച് ചാനലിലെയും മണ്ണ് മാറ്റുന്ന പ്രവൃത്തി പൂർത്തീകരിച്ചു.

(ബി) ലേലപ്പുരയുടെ നവീകരണ പ്രവൃത്തി പൂർത്തീകരിച്ചു.

(സി) തുറമുഖത്തോടനുബന്ധിച്ചുള്ള സുധാസദൻ മുക്ക്-ചോമ്പാൽ ഹാർബർ റോഡിന്റെ ഉപരിതലം പുതുക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചു.

(ഡി) തുറമുഖത്തേക്കുള്ള അപ്രോച്ച് റോഡിന്റെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചു.

(ഇ) തുറമുഖത്തെ ഫ്ളഡ് ലൈറ്റുകളുടെയും ട്യൂബുലർ പോസ്റ്റിന്റെയും അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചു.

(എഫ്) ലേല പ്ലാറ്റ്ഫോമിന് മുമ്പിലുള്ള പാർക്കിംഗ് ഏരിയായുടെ നിർമ്മാണം പൂർത്തീകരിച്ചു.

(ജി) അപ്രോച്ച് റോഡ് നവീകരിക്കുന്നതിന് 'തീരദേശ റോഡുകളുടെ നവീകരണം' എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 49 ലക്ഷം രൂപ അടങ്കൽ തുക വരുന്ന പ്രവൃത്തിക്ക് ദർഘാസ് ക്ഷണിച്ചിട്ടുണ്ട്.

**തീരദേശ മേഖലയുടെ അടിസ്ഥാന സൗകര്യവികസനത്തിന് നടപടി**

**172 (6090)** ശ്രീ. കെ. വി. കുഞ്ഞിരാമൻ:
ശ്രീ. എം. കെ. പുരുഷോത്തമൻ:
ശ്രീ. സി. കെ. സദാശിവൻ:
ശ്രീ. പി. വിശ്വൻ: താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തീരദേശ മേഖലയുടെ അടിസ്ഥാന സൗകര്യവികസനത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly